**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഗസറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണ തീയതി കഴിഞ്ഞ് എത്ര ദിവസത്തിനുള്ളിൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കേരള സർക്കാർ (വീക്കിലി) ഗസറ്റുകൾ 2021 ഒക്ടോബർ 2 മുതൽ പൂർണ്ണമായി ഇലക്ട്രോണിക് മാധ്യമത്തിലൂടെ ഓൺലൈനായി കമ്പോസ് (Comprehensive Operation and Management of Presses Over Secure Environment) സോഫ്റ്റ്‌വെയർ മുഖാന്തിരം പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട് . ഗസറ്റുകൾ എല്ലാ ചൊവ്വാഴ്ചകളിലുമാണ് പ്രസിദ്ധീകരിക്കുന്നത്. കമ്പോസ് സോഫ്റ്റ്‌വെയർ മുഖേന കേരള ഗസറ്റ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിനു പൊതുജനങ്ങൾ ഇതര വകുപ്പുകൾ, വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ, അപേക്ഷകൾ സമർപ്പിക്കുന്നതിലേയ്ക്കു പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.(അനുബന്ധമായി ചേർക്കുന്നു ) |
| (ബി) | സർക്കാർ ഗസറ്റുകൾ പ്രസിദ്ധീകരണ തീയതിയിൽ തന്നെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സർക്കാർ (വീക്കിലി) ഗസറ്റുകൾ 2021 ഒക്ടോബർ 2 മുതൽ പൂർണ്ണമായി ഇലക്ട്രോണിക് മാധ്യമത്തിലൂടെ ഓൺലൈനായി കമ്പോസ് (Comprehensive Operation and Management of Presses Over Secure Environment) സോഫ്റ്റ്‌വെയർ മുഖാന്തിരം പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട് . ഗസറ്റുകൾ എല്ലാ ചൊവ്വാഴ്ചകളിലുമാണ് പ്രസിദ്ധീകരിക്കുന്നത്. കമ്പോസ് സോഫ്റ്റ്‌വെയർ മുഖേന കേരള ഗസറ്റ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിനു പൊതുജനങ്ങൾ ഇതര വകുപ്പുകൾ, വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ, അപേക്ഷകൾ സമർപ്പിക്കുന്നതിലേയ്ക്കു പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.(അനുബന്ധമായി ചേർക്കുന്നു ) |
| (സി) | ഗസറ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം കാരണം പൊതുജനങ്ങൾക്കുണ്ടാക്കുന്ന | (സി) | കേരള സർക്കാർ (വീക്കിലി) ഗസറ്റുകൾ 2021 ഒക്ടോബർ 2 മുതൽ പൂർണ്ണമായി ഇലക്ട്രോണിക് |

| | | | |
|---|---|---|---|
| | അസൗകര്യം ഒഴിവാക്കുന്നതിന് ഗസറ്റുകൾ പ്രസിദ്ധീകരണ തീയതിയിൽ തന്നെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | മാധ്യമത്തിലൂടെ ഓൺലൈനായി കമ്പോസ് (Comprehensive Operation and Management of Presses Over Secure Environment) സോഫ്റ്റ്‌വെയർ മുഖാന്തിരം പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട് . ഗസറ്റുകൾ എല്ലാ ചൊവ്വാഴ്ചകളിലുമാണ് പ്രസിദ്ധീകരിക്കുന്നത്. കമ്പോസ് സോഫ്റ്റ്‌വെയർ മുഖേന കേരള ഗസറ്റ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിനു പൊതുജനങ്ങൾ ഇതര വകുപ്പുകൾ, വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ, അപേക്ഷകൾ സമർപ്പിക്കുന്നതിലേയ്ക്കു പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.(അനുബന്ധമായി ചേർക്കുന്നു ) |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം. 106/എച്ച്3/2021/ഉ.വി.വ.
ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/09/2021

## സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - കേരള സർക്കാർ ഗസറ്റ് - ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- (1) 18.06.2021 ലെ ഇതേ നമ്പർ സർക്കുലർ.
(2) അച്ചടി വകുപ്പ് ഡയറക്ടറുടെ 14.09.2021,28.09.2021 എന്നീ തീയതികളി ലെ 3694/2021/ഐ.റ്റി. കമ്പോസ്/ഡി പി നമ്പർ കത്തുകൾ.

**********************

അച്ചടി വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ/ഡിജിറ്റലൈസഷന്റെ ഭാഗമായി, 2000 ലെ വിവര സാങ്കേതിക വിദ്യ നിയമത്തിലെ 8-ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി കേരള ഗസറ്റ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധികരിക്കുന്നതിനും വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ഇതു നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) നിലവിൽ കേരള ഗസറ്റിൽ വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ, തുടങ്ങിയവ പ്രസിദ്ധീകരിച്ചു വരുന്ന വകുപ്പുകളും സ്ഥാപനങ്ങളും അച്ചടി വകുപ്പിന്റെ കമ്പോസ് സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈനായി വിജ്ഞാപനങ്ങൾ പ്രസിദ്ധികരിക്കുന്നതിന്, ഇതിനോടകം യൂസർ നെയിമും (Username) പാസ്സ്‌വേർഡും (Password) ലഭിച്ചിട്ടില്ലാത്ത ഉത്തരവാദപ്പെട്ട അധികാരിക്ക് യൂസർ നെയിമും പാസ്സ്‌വേർഡും ലഭിക്കുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, സ്പാർക്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പർ, വകുപ്പ്, ഓഫീസിന്റെ പൂർണ്ണ വിലാസം (താലൂക്ക്, ജില്ല എന്നിവ സഹിതം) **gazette.printing@kerala.gov.in** എന്ന ഇമെയിൽ വിലാസത്തിലേക്ക് ടിയാന്റെ ഗവ. ഇമെയിൽ വിലാസത്തിൽ നിന്നും അയക്കേണ്ടതാണ്. ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന് Digital signature(ഡിജിറ്റിൽ സിഗ്നേച്ചർ) ഉണ്ടായിരിക്കേണ്ടതാണ്. അച്ചടി വകുപ്പിൽ നിന്നും നൽകുന്ന യൂസർ നെയിമും പാസ്സ്‌വേർഡും ഉപയോഗിച്ചു മാത്രമേ വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവ തുടർന്ന് പ്രസിദ്ധീകരിക്കുന്നതിനായി നൽകുവാൻ സാധിക്കുകയുള്ളു .

(2) കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവ നൽകുമ്പോൾ ഉത്തരവാദപ്പെട്ട അധികാരികൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

(i) വിജ്ഞാപനങ്ങൾ നൽകുന്ന അധികാരി www.printing.kerala.gov.in എന്ന വെബ്

സൈറ്റിൽ ലഭ്യമായിട്ടുള്ള "Instructions for typesetting of Notification" എന്ന ലിങ്കിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരണമായി തയ്യാറാക്കിയിട്ടുള്ള വിജ്ഞാപനത്തിന്റെ ഉള്ളടക്കം (content) പി.ഡി.എഫ് ഫോർമാറ്റിൽ,ഡിജിറ്റിൽ സിഗ്നേച്ചർ സഹിതം നൽകേണ്ടതാണ്. പ്രസിദ്ധികരിക്കേണ്ട വിജ്ഞാപനത്തിന്റെ പി.ഡി.എഫ് ഫോർമാറ്റിൽ തയ്യാറാക്കേണ്ട ഉള്ളടക്കം (content), അപ്‌ലോഡ് ചെയ്യുന്നതിന് കമ്പോസ് സോഫ്റ്റ്‌വെയറിൽ ടെംപ്ലേറ്റ് (Template/ Forms ) സംവിധാനം ലഭ്യമാണ്.

(ii) കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങളിൽ അച്ചടി വകുപ്പിൽ നിന്നും യാതൊരുവിധ തിരുത്തലും വരുത്തുന്നതിനു സാധ്യമല്ലാത്തതിനാൽ, പ്രസിദ്ധപ്പെടുത്തുന്നതിനായി അയയ്ക്കുന്ന വിജ്ഞാപനങ്ങളുടെയും മറ്റും ഉള്ളടക്കം പൂർണ്ണമായും തെറ്റ് ഇല്ലാത്തതാണെന്ന് വിജ്ഞാപനങ്ങൾ പ്രസിദ്ധികരിക്കുന്നതിനായി നൽകുന്ന അധികാരികൾ ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിലുണ്ടാകുന്ന തെറ്റുകൾക്ക് അച്ചടി വകുപ്പിന് യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

(3) എല്ലാം ഭരണ വകുപ്പുകളും ഇതു സംബന്ധിച്ച വിവരം തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

(4) **02.10.2021** മുതൽ കേരള ഗസറ്റ് മേൽപ്പറഞ്ഞ ഓൺലൈൻ രീതിയിൽ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

(5) കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങൾ,പരസ്യങ്ങൾ തുടങ്ങിയവ നിയമപരമായി മറ്റ് ഏതെങ്കിലും അധികാരികൾക്കോ, അധികാര സ്ഥാപനങ്ങൾക്കോ എത്തിച്ചു കൊടുക്കേണ്ടതുണ്ടെങ്കിൽ, ആയതു ബന്ധപ്പെട്ട അധികാരികൾക്കും, അധികാര സ്ഥാപനങ്ങൾക്കും എത്തിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വം, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി വിജ്ഞാപനങ്ങളും മറ്റും നൽകുന്ന അധികാരികൾക്കും സ്ഥാപനങ്ങൾക്കും മാത്രമായിരിക്കും. ഇ-ഗസറ്റ് വിജ്ഞാപനങ്ങൾ **https://www.gazette.kerala.gov.in, https://compose.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(6) കേരള ഗസറ്റിന്റെ പാർട്ട് IV-ൽ പ്രസിദ്ധീകരിച്ചു വരുന്ന പൊതുജന സേവനങ്ങളായ പേരുമാറ്റം, മതം മാറ്റം, ജാതി തിരുത്തൽ, ഒപ്പു മാറ്റം, ലിംഗ മാറ്റം തുടങ്ങിയ ഗസറ്റ് വിജ്ഞാപനങ്ങളുടെ അപേക്ഷകൾ അച്ചടി വകുപ്പിന്റെ കമ്പോസ് സോഫ്റ്റ്‌വെയർ മുഖനെ ഓൺലൈനായി മാത്രമേ ഇനി സ്വീകരിക്കുകയുള്ളു.

(i) കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി അപേക്ഷകൾ നൽകുന്ന അപേക്ഷകൻ www.printing.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ള **"Guidelines for e-publishing of Gazette Notifications- Citizen"** എന്ന ലിങ്കിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരണമായി നൽകേണ്ടതാണ്.

(ii) ഗസറ്റ് വിജ്ഞാപനങ്ങളിൽ അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ കൂടെ ഉൾപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.printing.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

(7) ഗസറ്റ് വിജ്ഞാപനങ്ങൾക്കുള്ള പരസ്യക്കൂലി ഇ-ട്രഷറി സംവിധാനം മുഖേന

ഓൺലൈനായി സ്വീകരിക്കുന്നതാണ്.

(8)ഇ ഗസറ്റായി പ്രസിദ്ധീകരിക്കപ്പെടുന്ന വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവ 2000 ലെ വിവര സാങ്കേതിക വിദ്യായനിയമത്തിലെ 4 ഉം 8 ഉം വകുപ്പുകൾ പ്രകാരം, എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പു തലവന്മാർക്കും.

എല്ലാ ജില്ല കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി,കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,എ.പി.ജി.അബ്ദുൽ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, ഫിഷറീസ്, കേരള വെറ്റിനറി ആൻ്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).

ഡയറക്ടർ,വിവര പൊതു ജനസമ്പർക്ക വകുപ്പ്(വിപുലമായ പ്രചരണത്തിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.